G4/18654/2021/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 29.05.2021

# പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -കോവിഡ് 19 -2021-22 അദ്ധ്യയന വർഷത്തിൽ കോളേജുകൾ തുറക്കുന്നതിന് - നിർദ്ദേശങ്ങൾ സംബന്ധിച്ച സർക്കുലർ പുറപ്പെടുവിക്കുന്നു.

സൂചന :- 1.ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 27.05.2021 ന് ചേർന്ന യോഗ തീരുമാനങ്ങൾ .
2.ബഹു: കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിർദേശം

*********

രാജ്യത്താകെ പടർന്നുപിടിച്ച കോവിഡ് 19 എന്ന മഹാമാരി സംസ്ഥാനത്ത് നിലനിൽക്കുന്ന സാഹചര്യത്തിൽ എല്ലാവിധ കോവിഡ് നിയന്ത്രണങ്ങളും പാലിച്ചുകൊണ്ട് സൂചന ഒന്ന് പ്രകാരം 2021-22 അധ്യയന വർഷത്തിലേക്കുള്ള ക്ലാസുകൾ 2021 ജൂൺ 1 ന് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ആയതിനാൽ മേൽ സൂചനകൾ പ്രകാരം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിച്ച് കോളേജുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് സർക്കുലർ പുറപ്പെടുവിക്കുന്നു.

1. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 2021-22 അധ്യയന വർഷത്തിലേക്കുള്ള ക്ലാസുകൾ 2021 ജൂൺ 1 ന് തന്നെ ആരംഭിക്കുവാൻ തീരുമാനിച്ചു.

2. കോളേജ് പ്രിൻസിപ്പൽമാർ കോളേജിലെത്തി ക്ലാസുകൾ സുഗമമായി നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. അധ്യാപകർ ഓൺലൈനായി ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടതാണ്. അതോടൊപ്പം വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനസഹായികളും നോട്ടുകളും പിഡിഎഫ് രൂപത്തിലും മറ്റും നൽകേണ്ടതാണ്. രാവിലെ 8.30 മുതൽ വൈകുന്നേരം 3.30 വരെയുള്ള സമയത്തിനിടയ്ക്ക് ചുവടെ പറയുന്ന ഏതെങ്കിലും സമയക്രമത്തിൽ ക്ലാസുകൾ നടത്താവുന്നതാണ്.

a) രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് ശേഷം 1.30 വരെ.
b) രാവിലെ 9:00 മുതൽ വൈകുന്നേരം 3 മണി വരെ.
c) രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ.

3.എല്ലാ ദിവസവും രണ്ടു മണിക്കൂറെങ്കിലും ഓൺലൈൻ ക്ലാസുകൾ ഉണ്ടായിരിക്കേണ്ടതാണ്. ബാക്കി സമയങ്ങളിൽ വിദ്യാർഥികൾക്ക് പഠന സഹായകരമായ മറ്റു കാര്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്. വെള്ളിയാഴ്ച ദിവസങ്ങളിൽ ക്ലാസുകൾ നിലവിൽ തുടർന്നു വരുന്ന രീതിയിൽ തുടരേണ്ടതാണ്. ക്ലാസുകൾ കൈകാര്യം ചെയ്യേണ്ട സമയക്രമം വിദ്യാർത്ഥികൾക്ക് കൂടി സൗകര്യപ്രദമായ രീതിയിൽ കോളേജ് കൗൺസിലുകൾക്ക് തീരുമാനിക്കാവുന്നതാണ്.

4.തുടർച്ചയായി ഓൺലൈൻ ക്ലാസ് നടക്കുന്നതിലെ അസൗകര്യം സംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നും പരാതികൾ ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ വിദ്യാർഥികൾക്ക് കൂടി സൗകര്യപ്രദമായ നിലയിൽ ക്ലാസുകൾ ക്രമീകരിക്കുവാൻ സ്ഥാപനമേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5.കഴിഞ്ഞ അധ്യയന വർഷത്തെ പാഠഭാഗങ്ങൾ ബാക്കിയുണ്ടെങ്കിൽ ആ ക്ലാസുകൾ എടുത്ത് തീർക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

6. ഓൺലൈൻ സംവിധാനം ഒരുക്കുവാൻ ഏതൊക്കെ സോഫ്റ്റ്‌വെയർ ഉപയോഗിക്കണം എന്നത് കുട്ടികളുടെ എണ്ണവും, പാഠ്യവിഷയം അനുസരിച്ച് അധ്യാപകർ തന്നെ തീരുമാനിക്കേണ്ടതാണ്. ആയതിലേക്ക് ആവശ്യാനുസരണം എൻ.ഐ.സി(NIC), വിദ്യ പ്ലാറ്റ്ഫോം ( Vidhya platform ) ,ഗൂഗിൾ ക്ലാസ്സ് റൂം (Google Class room), ഗൂഗിൾ മീറ്റ് (Google meet ), മൈക്രോസോഫ്റ്റ് ടീം ( microsoft team) തുടങ്ങിയ വിവിധ വീഡിയോ കോൺഫറൻസിംഗ് സങ്കേതങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ ഇതിനായി ഓരോ സ്ഥാപനങ്ങൾക്കും പ്രത്യേക ലേണിങ് മാനേജ്മെന്റ് സിസ്റ്റം (LMS) കൾ ആരംഭിക്കുവാൻ ശ്രമിക്കേണ്ടതാണ്.

7. 2021 മെയ് 30 ന് ശേഷം ലോക്ക് ഡൗൺ പിൻവലിക്കുന്ന പക്ഷം എല്ലാ അധ്യാപകരും ജൂൺ ഒന്നിന് അവരവർ ജോലി ചെയ്യുന്ന കോളേജുകളിൽ ഹാജരാകേണ്ടതാണ്. കോവിഡ് നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ യാത്ര ചെയ്യാൻ ബുദ്ധിമുട്ട് നേരിടുന്ന പക്ഷം ആ വിവരം പ്രിൻസിപ്പൽമാരെ അറിയിക്കേണ്ടതാണ്. ഇത്തരം സാഹചര്യത്തിൽ അധ്യാപകർ വർക്ക് ഫ്രം ഹോം ആയി ക്ലാസ്സുകൾ എടുക്കേണ്ടതാണ്. എന്നാൽതന്നെയും ഓരോ ദിവസത്തെയും കോളേജിൻറെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരുടെ സേവനം ഉറപ്പാക്കേണ്ടതാണ്.

8.കോവിഡ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത ജോലിക്ക് മുൻഗണന നൽകേണ്ടതാണ്.

9.ഓരോ അധ്യാപകരും എടുത്ത ക്ലാസുകൾ സംബന്ധിച്ച റിപ്പോർട്ട് ആഴ്ചയിലൊരിക്കൽ പ്രിൻസിപ്പൽമാർക്ക് നൽകേണ്ടതാണ്.

10.കോളേജുകളിലെ അനദ്ധ്യാപകർ; സർക്കാർ ജീവനക്കാർക്ക് ബാധകമായിട്ടുള്ള മറ്റ് പൊതു ഉത്തരവ്കളിൽ നിഷ്കർഷിക്കുന്ന പ്രകാരം ജോലിക്ക് ഹാജരാക്കേണ്ടതാണ്.

11.ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാനുള്ള സാങ്കേതിക സൗകര്യം അപര്യാപ്തമായ വിദ്യാർഥികളെ തിരിച്ചറിയുകയും വകുപ്പ് മേധാവികളുടെ സഹായത്തോടെ പ്രിൻസിപ്പൽമാർ അവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ എത്തിക്കുന്നതിന് നേതൃത്വം നൽകുകയും വേണം.ഇതിനായി അക്ഷയ സെന്റർ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

12.അധ്യയന വർഷാരംഭം മുതൽ അധ്യാപക ജോലിഭാരം കണക്കാക്കി സ്ഥാപനങ്ങളിൽ ആവശ്യമെങ്കിൽ നിലവിലെ മാനദണ്ഡങ്ങൾ പാലിച്ച് അതിഥി അധ്യാപകരെ നിയമിക്കാവുന്നതാണ്.

13.അധ്യാപകരും വിദ്യാർത്ഥികളും ജീവനക്കാരും സർക്കാരിന്റെ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

14.കൂടാതെ കോളേജുകൾ തുറക്കുന്നത് സംബന്ധിച്ച് സർക്കാർ നേരത്തെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പൊതുവായ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

15. കോവിഡ് ജാഗ്രതയുടെ പശ്ചാത്തലത്തിൽ കോളേജ് തലത്തിലും അധ്യാപകരുടെയും വിദ്യാർഥികളുടെയും പ്രാദേശിക ജനപ്രതിനിധികളുടെയും പ്രത്യേക സമിതികൾ ഉണ്ടാക്കി സ്ഥിതി അവലോകനം ചെയ്യുന്ന നേരത്തെയുള്ള രീതി തുടരേണ്ടതുമാണ്.

16.ജില്ലാ കളക്ടറുടെ നിർദേശാനുസരണം കോളേജുകൾ കോവിഡ് പ്രവർത്തനത്തിൻറെ ഭാഗമായുള്ള CFLTC ആയി ഏറ്റെടുക്കുന്ന പക്ഷം, കോളേജിന്റെ ഓഫീസ് CFLTC യ്ക്കായി വിട്ടുകൊടുക്കുന്ന കെട്ടിടത്തിൽ നിന്നും അകലെ ആയുള്ള കോളെജിന്റെ മറ്റൊരു കെട്ടിടത്തിൽ പ്രവർത്തിക്കേണ്ടതാണ്. ഇത്തരം സാഹചര്യത്തിൽ ഓഫീസ് പ്രവർത്തനത്തിന് അത്യാവശ്യം വേണ്ട അനധ്യാപകരുടെ സേവനവും ഉറപ്പാക്കേണ്ടതാണ്.

17.അധ്യാപകർക്ക് വർക്ക് ഫ്രം ഹോം അനുവദിക്കുന്ന സാഹചര്യത്തിൽ മുൻ സെമസ്റ്ററിലെ പാഠഭാഗങ്ങൾ പൂർത്തീകരിക്കാൻ ഉണ്ടെങ്കിൽ അതിഥി അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

ടി നിർദ്ദേശങ്ങൾ കോളേജിൽ കൃത്യമായി പാലിക്കുന്നതിന് പ്രിൻസിപ്പൽ വ്യക്തിഗത ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്ന് കൂടി നിർദ്ദേശിക്കുന്നു.

Approval Valid

Digitally Approved By
വിഗ്നേശ്വരി വി ഐ.എ.എസ്സ്
Date: 29.05.2021
Reason: Approved

*ഒപ്പ്/-*
**വിഗ്നേശ്വരി വി ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ മാർക്കും - എയ്ഡഡ് കോളേജുകളിൽ അറിയിക്കുന്നതിനു വേണ്ടി
2. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പൽ മാർക്കും.
3. സിസ്റ്റം മാനേജർക്ക് (സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )